(സി) കയറുമതി സാധനങ്ങൾക്കുവേണ്ടി എത്ര ഉറപ്പിക ലാഭിക്കാൻ ഇടയായി?

വ്യവസായവും, എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) കയറുമതി ഇറക്കുമതികളെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ സംസ്ഥാനത്തിനു പ്രത്യേകമായി സൂക്ഷിച്ചുപോരുന്നില്ല.

(ബി-യും, സി-യും) ചോദ്യങ്ങൾ ഉത്ഭവിക്കുന്നില്ല.

നല്ലേപ്പുള്ള വെണ്ണാമട റോഡ്

വ. (ന) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പബ്ലിക്കു വർക്സ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചിറ്റൂർ താലൂക്കു, നല്ലേപ്പുള്ള വെണ്ണാമട റോഡു, പോസ്റ്റൽ വാർ റീകൺസ്ട്രക്ഷൻ പദ്ധതിയിൽ കൊള്ളിച്ചിട്ടുണ്ടോ;

(ബി) കല്ലുപരത്തു വാൻ ടെണ്ടർ സ്വീകരിച്ചു പിന്നീടു വേണ്ടെന്നു വയ്ക്കുവാൻ എന്തായിരുന്നു കാരണം?

പൊതുമരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു): (എ) ഉണ്ടു.

(ബി) വേണ്ടെന്നു വച്ചിട്ടില്ല. അടുത്തുതന്നെ പണി തുടങ്ങുന്നതാണു.

CO-OPERATIVE SOCIETIES

9 [9] Sri. K. Balakrishna Menon: Will the Hon'ble Minister for Industries Excise & Local Self Government be pleased to state:—

(*a*) the number of co-operative Societies Liquidated in the State in the year 1950 and the causes for the same;

(*b*) the number of new co-operative societies formed in 1950?

Minister for Industries, Excise and Local Self Government **(Sri. N. Kunjuraman):**

(*a*) 58. They were defunct for the past many years and the Committees could not revive their working in spite of instructions from the Department.

(*b*) 132.

Starred Questions posted for Answer on 28th February 1951

അവശസമുദായക്കാക്കു ഇയർമാക്ക് ചെയ്ത സ്ഥലങ്ങൾ

*ക. ഠ൯. (ഫ) ശ്രീ. ടി. ടി കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. റവന്യൂമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കുന്നത്തുനാടു താലൂക്കിൽ അവശവർഗ്ഗക്കാക്കു സൗജന്യനിരക്കിൽ പതിച്ചു നൽകുവാൻ സർക്കാർ സ്ഥലങ്ങൾ ഇയർമാക്ക് ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നോ?

(ബി) ഉണ്ടായിരുന്നുവെങ്കിൽ പ്രസ്തുത സ്ഥലങ്ങൾ ഏതെല്ലാം പകുതികളിലും സർവ്വെ നമ്പരുകളിലുമായിരുന്നു?

(സി) പ്രസ്തുത സ്ഥലങ്ങളിൽ യഥാക്രമം പതിച്ചുകൊടുക്കപ്പെട്ട സ്ഥലങ്ങളുടെ ഏക്കർ സെൻറ് ക്രമം എങ്ങനെ?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടായിരുന്നു.

(ബി & സി) വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വെച്ചിട്ടുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly